പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 476 06.02.2014-ൽ മറുപടിക്ക്

## ചെക്ക് പോയിന്റുകൾ നിർത്തലാക്കിയ നടപടി

ചോദ്യം

ശ്രീ. ഇ.പി.ജയരാജൻ :
" ബി.സത്യൻ :
" എ.എം.ആരിഫ് :
" വി.ചെന്താമരാക്ഷൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | (എ) | യാത്രാക്ലേശം പരിഹരിക്കുന്നതിനും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി 348 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി പതിനായിരം രൂപക്ക് താഴെ വരുമാനം ലഭ്യമാകുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ നടന്നു വരികയാണ്. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബി.ഒ.ടി അടിസ്ഥാനത്തിലും അല്ലാതെയും ഒട്ടേറെ ഡിപ്പോകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം നടന്നു വരികയാണ്.<br>ഈ സാമ്പത്തിക വർഷം ഫണ്ടിനത്തിൽ 59 കോടി രൂപയും നോൺ പ്ലാൻ ലോണിനത്തിൽ 325 കോടി രൂപയും സർക്കാർ സഹായമായി കെ.എസ്.ആർ.ടി.സിയ്ക്ക് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ നഷ്ടം കുറയ്ക്കുന്നതിനും, പുനഃരുദ്ധാരണത്തിനുമായി, ഒരു പുനഃരുദ്ധാരണ പദ്ധതി കെ.എസ്.ആർ.ടി.സിയിൽ നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ ചെക്ക് പോയിന്റുകൾ നിർത്തലാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | തിരുവനന്തപുരം കിഴക്കേകോട്ടയിലേതുൾപ്പെടെ എത്ര ചെക്ക് പോയിന്റുകൾ നിർത്തലാക്കിയെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ; | (സി) | 2010 ഡിസംബർ 19 -ന് കിഴക്കേകോട്ടയിലെ നോർത്ത്, സൗത്ത് സെക്ടറുകളിൽ ട്രാഫിക് പോലീസ് 2 പ്രൈവറ്റ് ബസ്സ് ടൈം ചെക്കിംഗ് പോയിന്റുകൾ ആരംഭിക്കുകയുണ്ടായി നിലവിൽ അവ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | ചെക്ക്പോയിന്റുകൾ നിർത്തലാക്കിയതുമൂലം തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകളുടെ അനധികൃത സർവ്വീസുകൾ വ്യാപകമായതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) യും (ഇ) യും | തിരുവനന്തുരം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകളുടെ അനധികൃത സർവ്വീസുകൾ വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി. നഷ്ടം നേരിടുന്നത് ഇല്ലാതാക്കാനായി ചെക്ക്പോയിന്റുകൾ പുനഃസ്ഥാപിച്ച് ആവശ്യമായ കർശന പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ